LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിക്കേഷൻ സെന്റർ, തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി എന്നിവിടങ്ങളിൽ പരിശീലനം നൽകി വരുന്നു. കൂടാതെ എല്ലാ ജില്ലയിലും ഹൈടെക് കൃഷി ചെയ്യുവാൻ താൽപ്പര്യ മുള്ളവർക്ക് പരിശീലനം ലഭ്യമാക്കുന്നതാണ്. കൂടാതെ പിന്തുണ നൽകുവാനായി സാങ്കേതിക വിദഗ്ധരുടെ സേവനം കൃഷി വകുപ്പിലും കേരള കാർഷിക സർവ്വകലാശാലയിലും ലഭ്യമാണ്. കൂടാതെ 10 കൃഷി ഓഫീസർമാർക്ക് വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. കാർഷികോൽപ്പാദന കമ്മീഷണറുടെയും കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലറുടെയും നിർദ്ദേശപ്രകാരം തെക്കൻ ജില്ല കളിലെ പോളീഹൗസ് കൃഷി രീതിയുടെ ഗുണദോഷങ്ങൾ എന്തെല്ലാമെന്ന് വിലയിരുത്തുന്നതിനായി കർഷക സാന്ത്വനം പദ്ധതിയുടെ മൾട്ടി ഡിസിപ്ലിനറി ടീം പോളീഹൗസുകൾ സന്ദർശിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിലെ വിദഗ്ധരായ ഡോ. സാം റ്റി. കുറുന്തോട്ടയ്ക്കൽ, ഡോ. സി. നന്ദകുമാർ, ഡോ. കെ. ഉമാ മഹേശ്വരൻ, ഡോ. റ്റി. സജിതാ റാണി എന്നിവരെ ഉൾപ്പെടുത്തിയാണ് പ്രസ്തുത ടീം രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോളീഹൗസു കളിലെ കൃഷി വിജയകരമാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാർഷിക വായ്പ

194 (1569) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യഥാസമയം കാർഷിക വായ്പാതുക തിരിച്ചടക്കുന്ന കർഷകരുടെ പലിശ സബ്സിഡിയിനത്തിൽ 2015-16-ൽ വകയിരുത്തിയ തുക എത്രയായിരുന്നെന്നും ഇതിൽ കർഷകർക്ക് നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

യഥാസമയം കാർഷിക വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ സബ്സിഡിയായി നൽകുന്ന ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം 2015-16 വർഷം വകയിരുത്തിയ ഒരു കോടി രൂപയും മുൻവർഷത്തെ ബാക്കിനിൽപ്പ് തുകയായ 14,43,002 രൂപയും ചേർത്ത് ആകെ 1,14,43,002 രൂപ ഉണ്ടായിരുന്നതിൽ 1,14,24,895 രൂപ ഇതിനകം കർഷകർക്ക് ഇളവ് നൽകിയ ഇനത്തിൽ സർവ്വീസ് സഹകരണ ബാങ്കുകൾക്ക് നൽകാനുള്ളത് നൽകുന്നതിനായി ജില്ലാ സഹകരണ ബാങ്കുകൾ മുഖേന സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.